കേരള സർക്കാർ

# പിണ്ടിമന ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)2342/2018

തീയതി .07.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്.

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)2342/2018

തീയതി .07.01.2019

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.09.2017 മുതൽ 18.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19-11-2018 മുതൽ 01-12-2018 വരെ | ശ്രീ. മൈക്കിൾ കെ.എ., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷെഫീക്ക് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.ജെയ്സൺ ഡാനിയേൽ | 01.04.2017 | 31.3.2018 |
| സെക്രട്ടറി | ശ്രീ സലിം.കെ.എം | 01.04.2017 | 28.02.2018 |
| | ശ്രീ. സുനിൽ പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 01.03.018 | 31.03.018 |

മറ്റ് നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ജിജി ജോബ് | 01.04.2017മുതൽ 31.03.2018വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ആർ ഷൈജു | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലിജി.പി.എ | 01.04.2017 മുതൽ 14.09.2017 വരെ |
| | | ശ്രീമതി സിസിലി കുരുവിള | 15.09.017 മുതൽ 30.11.2017 വരെ |
| | | ശ്രീമതി സിഞ്ജു തോമസ് | 01.12.2017 മുതൽ 31.03.2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.ആസിഫ | 01.04.2017 മുതൽ 15.11.2017FN വരെ |
| | | ഡോ. ഗീതു കൃഷ്ണൻ | 15.11.017 AN മുതൽ 08.02.2018 FNവരെ |
| | | ഡോ. ദിവ്യ രാജേന്ദ്രൻ | 08.02.2018 ANമുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.കെ.പി.ആനന്ദ് | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോ) | ഡോ.സുമ വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | ഹെഡ്മിസ്ട്രസ്,ഗവ.യു.പി.സ്കൂൾ, പിണ്ടിമന | ശ്രീമതി. പാത്തുമ്മബിവി | 01.04.2017 മുതൽ 01.06.2017 വരെ |
| | | ശ്രീമതി ലിസ്സി പോൾ | 02.06.17 മുതൽ 16.01.2018 വരെ |
| | | ശ്രീമതി ലൌലി ജോസഫ് | 17.01.2018 മുതൽ 31.03.018 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ബോബി ഈപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പിണ്ടിമന | ശ്രീ.ഡേവിഡ്.കെ.എ | 01.04.2017 മുതൽ 30.06.2017 വരെ |
| | | ശ്രീമതി രശ്മി എൻ.നമ്പൂതിരി | 01.07.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 10 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മാലിപ്പാറ | ശ്രീ. ഡേവിഡ് കെ.എ., വി.ഇ.ഒ., പിണ്ടിമന (അധിക ചുമതല) | 01.04.2017 മതൽ 24.07.2017 വരെ |
| | | ശ്രീമതി രമ്യ കെ.പി. | 25.07.2017 മുതൽ 31.03.018 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഡാർലിമോൾ ചെറിയാൻ | 01.04.2017മുതൽ 10.08.2017 വരെ |
| | | ശ്രീ. എ.കെ.രാജൻ | 11.08.2017 മുതൽ 31.12.2017 വരെ |
| | | ശ്രീ. സുനിൽ പി.എസ്. | 01.01.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| | ഭാഗം 2 | |
| 14 | കിണർ നിർമ്മാണം പെർമിറ്റ് എടുത്തിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 15 | വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി പിടിച്ചില്ല. | 3-1 |
| 16 | എൻ.ആർ.ഇ.ജി.എസിന് കമ്പ്യൂട്ടർ വാങ്ങിയത് - യഥാസമയം ഓർഡർ നൽകിയില്ല | 3-2 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല | 3-3 |
| 18 | നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-4 |
| 19 | വക്കീൽ ഫീസ് നൽകിയതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല | 3-5 |

| | | |
|---|---|---|
| 20 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -അപാകതകൾ | 3-6 |
| 21 | നഴ്സറി സ്ഥാപിക്കൽ പ്രോജക്ട് – സർക്കാർ നിർദ്ദേശം പാലിക്കണം | 3-7 |
| 22 | ശ്മശാനം – തുടർ നടപടികൾ സ്വീകരിക്കണം | 3-8 |
| ഭാഗം4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 34 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 35 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 36 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

.2017-18 വർഷത്തെ ബജറ്റ് 21/03/2017തിയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ലഭിച്ച സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 20/6/2018 മുതൽ 21/06/2018 വരെ | 30/8/2018 ലെ കെ എസ്എ-ഇ കെഎം(പിജി)1786(18)/2018 |

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരുപ്പ് | 8607227 |
| വരവ് | 42494631 |
| ആകെ | 51101858 |
| ചെലവ് | 46807224 |
| നീക്കിയിരുപ്പ് | 4294634 |

.

## 1-5 ഫണ്ട് വിനിയോഗം

.

| ഫണ്ടിനം | | മുൻ ബാക്കി | അലോട്ട് മെന്റ് വരവ് | ആകെ | ചെലവ് | ചെലവഴി ക്കാത്ത തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | | 10097210 | 10097210 | 9216621 | 880589 |
| വികസനഫണ്ട് എസ്.സി.പി.(ACR പ്രകാരം) | | | 3374938 | 3374938 | 3371378 | 3560 |
| വികസനഫണ്ട് ടി.എസ്.പി (ACR പ്രകാരം). | | | 14994 | 14994 | 0 | 14994 |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | | | 7833387 | 7833387 | 7737166 | 96221 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് (ACR പ്രകാരം) | | | 2591000 | 2591000 | 2088162 | 502838 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9695986 | 9695986 | 4746149 | 4949837 |
| കെ.എൽ.എസ്.ജി.ഡി.പി.(ACR പ്രകാരം) | | | 1252419 | 1252419 | 630204 | 622215 |
| സാക്ഷരത | | 2551 | 122 | 2673 | - | 2673 |
| ദുരിതാശ്വാസ നിധി | | 58651 | 10197 | 68848 | 14000 | 54848 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | - | 8387410 | 8387410 | 8387410 | 0 |
| | ഭരണ ചെലവ് | 304 | 709288 | 709592 | 701545 | 8047 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | | 171827 | 602194 | 774021 | 282433 | 491588 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 43240 | 43240 | 43240 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംയുക്ത പദ്ധതി അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 670000 | 670000 | 670000 | 0 |
| | ജില്ലാ പഞ്ചായത്ത് | | 2643630 | 2643630 | 2458630 | 185000 |
| ജനറൽ പർപ്പസ് ഫണ്ട് | | 1272385 | 6148598 | 7420983 | 7420983 | 0 |
| ബി ഫണ്ട് | | | 26444540 | 26444540 | 26444540 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 3150710 | 6997260 | 10147970 | 8619833 | 1528137 |
| | ട്രഷറി അക്കൌണ്ട് | 1272385 | 6148598 | 7420983 | 7244061 | 176932 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 172 | 45552402 | 140 | 33277793 | 26 | 32 | 81% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഉപേക്ഷിക്കാനുണ്ടായ കാരണം |
|---|---|---|---|---|
| 1 | 08/18 | വീട് പുനരുദ്ധാരണം- ജനറൽ | 12500 | ഗുണഭോക്താവ് തുക തിരിച്ചടച്ചു. |
| 2 | 40/18 | ചെങ്കര ഗവ.യു പി സ്കൂളിന് കഞ്ഞിപ്പുര | 100000 | പദ്ധതി നടപ്പിലാക്കാൻ കഴിയില്ല |
| 3 | 46/18 | മാലിന്യ സംസ്കരണ പ്ലാൻറിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 200000 | ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. |

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 8093810 | 8093810 | 8093810 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 304 | 709288 | 709592 | 701545 | 8047 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 21240 | 41 |
| കർഷക തൊഴിലാളി പെൻഷൻ | 1216000 | 101 |
| വിധവാ പെൻഷൻ | 5698500 | 483 |
| വാർദ്ധക്യകാല പെൻഷൻ | 17227800 | 1355 |
| വികലാംഗ പെൻഷൻ | 2091600 | 183 |
| അവിവാഹിത പെൻഷൻ | 167400 | 14 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018 ൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 1563/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

ധനകാര്യ പത്രിക പരിശോധനയിൽ വിശദ വിവരം ലഭ്യമല്ലാത്ത 708728 രൂപ ലോൺസ് & അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പരാമർശിച്ചിരുന്നു. എന്നാൽ ആയത് പരിശോധിച്ച് ധനകാര്യ പത്രികയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൊതുവേ തൃപ്തികരമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്തു പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലേക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു.

2)പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി - 2017-18 വർഷം 12 തവണ യോഗം ചേർന്നു. യോഗത്തിൽ ടി കമ്മറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പ്രോജക്ടുകൾ അംഗീകരിച്ച് വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശുപാർശ ചെയ്തു.

ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി - 2017-18 വർഷം 14തവണ യോഗം ചേർന്നു. ടി കമ്മറ്റിക്ക് ചുമതലയുള്ള വിഷയങ്ങൾ സാന്ത്വന പരിചരണം, മാലിന്യ സംസ്കരണം, വിദ്യാഭ്യാസം എന്നിവയാണ്. കമ്മറ്റിയുടെ പരിധിയിൽ വരുന്ന നിർവ്വഹണഉദ്യേഗസ്ഥർ എച്ച്.എം., മെഡിക്കൽ ഓഫീസർമാർ എന്നിവരാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - 2017-18 വർഷം 13 തവണ യോഗം ചേർന്നു. ആദ്യ യോഗങ്ങളിൽ 17-18ലെ വാർഷികപദ്ധതിയുടെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കുകയും, സർക്കാർ

ഉത്തരവ് പ്രകാരമുള്ള മുൻഗണന / അർഹത മാനദണ്ഡങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. പദ്ധതി നടത്തിപ്പ് പുരോഗമിക്കുന്നതിനനുസരിച്ച് പ്രോജക്ട് ഭേദഗതികളും ഉപേക്ഷിച്ച പ്രോജക്ടുകൾക്ക് പകരമുള്ള പ്രോജക്ടുകളും അംഗീകരിച്ചു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - 2017-18 വർഷം 13 തവണ യോഗം ചേർന്നു. ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതിയിൽ അവതരിപ്പിച്ചു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചു.

3)പഞ്ചായത്തിൽ 2017-18 ൽ 172 പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുകയും 140 പ്രൊജക്ടുകൾ നടപ്പാക്കുകയും ചെയ്തു. പട്ടിക വർഗ്ഗ വിഭാഗത്തിനായി ഒരു പ്രൊജക്ടാണ് ആവിഷ്കരിച്ചത്. ആയത് തൻവർഷം നടപ്പാക്കിയില്ല. എന്നാൽ 2018-19 ൽ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

1.ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ബാങ്കിലേക്ക് നൽകുന്ന സാഹചര്യങ്ങളിൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്ന് ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിന്റെ ആദ്യ പേജ് വാങ്ങി സൂക്ഷിക്കേണ്ടതും പാസ്ബുക്കിന്റെ തുക ലഭ്യമായത് രേഖപ്പെടുത്തിയ പേജിൽ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് അല്ലെങ്കിൽ കൈപ്പറ്റ് രസീത്/കൈപ്പറ്റ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രൊജക്ടിന്റെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സാംഖ്യ, സേവന, സൂചിക, സ്ഥാപന, സചിത്ര എന്നിവ ലോക്കൽ സർവറുകളിൽ നിന്ന് ഉപയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയറുകളാണ്. ആയതിന്റെ ഡാറ്റാ ബാക്ക് അപ് കൃത്യമായി ചെയ്യേണ്ടതാവശ്യമാണ്. നിലവിൽ പഞ്ചായത്ത് എല്ലാ സോഫ്റ്റ് വെയറുകളുടെയും ഇൻക്രിമെന്റൽ രീതിയിലുള്ള ബാക്ക് അപ് ചെയ്യുന്നതായും ആയത് എക്സ്റ്റേണൽ മെമ്മറിയിൽ പ്രതിമാസം സൂക്ഷിക്കുന്നുണ്ടെന്നും വ്യക്തമാകുന്നു. ആയത് പ്രതിദിനം ബാക്ക് അപ് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണ്. എക്സ്റ്റേണൽ മെമ്മറി സെക്രട്ടറിയുടെ ഉടമസ്ഥതയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ ശക്തമായ പാസ് വേർഡ് പ്രൊട്ടക്ഷൻ പോളിസി ഇല്ല. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2017ലെ സി7/37287/17നമ്പർ സർക്കുലർ പ്രകാരം ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വം അനുസരിച്ച് നല്കപ്പെടുന്ന പാസ് വേർഡുകൾ അതാത് ജീവനക്കാർ തന്നെ കൈകാര്യം ചെയ്യേണ്ടതും മൂന്ന് മാസത്തെ ഇടവേളകളിൽ പാസ് വേർഡ് മാറ്റേണ്ടതുമാണ്. ആയതിന്റെയും ഡോക്യുമന്റേഷൻ (പാസ് വേർഡ് വ്യക്തമാകാത്ത രീതിയിൽ) ചെയ്യുന്നത് നന്നായിരിക്കും. കാഷ് ചെസ്റ്റിന്റെ താക്കോലുകളിൽ ഒരെണ്ണം അക്കൗണ്ടന്റിന്റെ പക്കലും ഒരെണ്ണം ക്ലർക്കിന്റെ പക്കലും സൂക്ഷിക്കണം എന്ന മേൽ സർക്കുലറിലെ നിർദ്ദേശവും കൃത്യമായി പാലിക്കേണ്ടതാണ്.

4. <u>പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

5. <u>മാലിന്യ സംസ്കരണം – സർക്കാർ ഉത്തരവ് നടപ്പാക്കണം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച 22.07.2017 ലെ സ.ഉ.(സാധാ) 2511/2017 തസ്വഭവ ഉത്തരവ് പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഉത്തരവിൽ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15 ന് മുമ്പായി സജ്ജീകരിക്കണം.

2. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം.

3. ഉത്തരവ് പ്രകാരം 2017 സെപ്റ്റംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് രാജ് വകുപ്പ് 2019 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കണം.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6. <u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>

റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രമെ നടപ്പാക്കാവൂ എന്ന ജി.ഒ (എം.എസ്) 31/2011/ത.സ്വ.ഭ.വ/4.2.2011 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവു പ്രകാരം മേജർ ജില്ലാ റോഡുകൾ വരെയുള്ള എല്ലാ റോഡുകളേയും ഉൾപ്പെടുത്തികൊണ്ടുള്ള കണക്ടിവിറ്റി പ്ലാൻ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇതുവരെയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം പാഴ് ചെലവാകുന്നു. ഇതിന്റെ അഭാവത്തിൽ എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ ചേർത്ത് സംയോജിത പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതയും ഇല്ലാതാകുന്നു.

സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2017 | 08/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 മുതൽ 30.04.008 വരെ | 1997-98 മുതൽ 2007-08 വരെ | 08.07.2008 |

## 1-12 <u>വാർഷിക ധനകാര്യപത്റികയിലെ അപാകതകൾ</u>

2017-18 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് കെ.എസ്.എ.ഇ.കെ.എം (പിജി) 1786(18)/20 തീ. 30.08.2018 പ്രകാരം സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പരിശോധനയിൽ സംയുക്ത

പ്രോജക്ടുകളുടെ കണക്ക് സൂക്ഷിപ്പിൽ കൃത്യതയില്ലായെന്നും ബോധ്യപ്പെട്ടു. പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട് കണക്കുകൾ ധനകാര്യപത്രികയിലെ കണക്കുമായി ഒത്തു പോകുന്നില്ല. ധനകാര്യ പത്രികയിലെ RP 40 (A) പ്രകാരം മുന്നിരിപ്പില്ല. എന്നാൽ പഞ്ചായത്തിലെ രേഖകൾ പ്രകാരം മുന്നിരിപ്പ് ഉണ്ട്. RP 40 (a) പ്രകാരം നീക്കിയിരിപ്പ് 4166680 രൂപയാണ് എന്നാൽ പഞ്ചായത്തിലെ രേഖകൾ പ്രകാരം നീക്കിയിരിപ്പ് 185000 രൂപയാണ്. സംയുക്ത പ്രൊജക്ടുകളുടെ കണക്ക് കൃത്യമായി തയ്യാറാക്കേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്റ്റ്

. നികുതിയിനത്തിൽ കുറവ് വന്ന 3991രൂപ ഈടാക്കി.

പ്രൊജക്ട് നം S0043/18അമ്മച്ചി കോളനി റോഡ് കോൺക്രീറ്റ് എന്ന പ്രൊജക്ടിന്റെ ബില്ലിൽ നിന്ന് നികുതി ഈടാക്കിയതിൽ കുറവ് വന്ന 3991 രൂപ 27.11.2018 ലെ 118010101450 പ്രകാരം ഈടാക്കി.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കിണർ നിർമ്മാണം - പെർമിറ്റ് എടുത്തിട്ടില്ല.

. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2017-18 ൽ ഗ്രാമപഞ്ചായത്തിൽ 8 കിണറുകൾ നിർമ്മിച്ചു. പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള പെർമിറ്റ് എടുക്കാതെയാണ് കിണറുകൾ നിർമ്മിച്ചത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കിണർ നിർമ്മാണം, താര പീറ്റർ, വാർഡ് 1 |
| 2 | കിണർ നിർമ്മാണം, അമ്പിളി സജീവ്, വാർഡ് 1 |
| 3 | കിണർ നിർമ്മാണം, സുഭദ്ര രാജൻ, വാർഡ് 1 |
| 4 | കിണർ നിർമ്മാണം, തങ്കമ്മ കുഞ്ഞുമോൻ, വാർഡ് 5 |
| 5 | കിണർ നിർമ്മാണം, ആന്റണി, വാർഡ് 5 |
| 6 | കിണർ നിർമ്മാണം, സൂസൻ എൽദോസ്, വാർഡ് 5 |
| 7 | കിണർ നിർമ്മാണം, മോഹനൻ, വാർഡ് 6 |
| 8 | കിണർ നിർമ്മാണം, വർഗ്ഗീസ് കുട്ടി, വാർഡ് 8 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011 ലെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1.ചട്ടം 91 (1)പ്രകാരം സെക്രട്ടറിയുടെ അനുവാദമില്ലാതെ പുതിയ കിണർ കുഴിക്കാൻ പാടുള്ളതല്ല.

2.ചട്ടം 91 (2)പ്രകാരം സൈറ്റ് പ്ലാൻ, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ എന്നിവ സഹിതം അനുബന്ധം A യിൽ അപേക്ഷ നൽകണം.

3.ചട്ടം 94 പ്രകാരം അപേക്ഷാ ഫീസും, പെർമിറ്റ് ഫീസും അടക്കണം.

ഇക്കാര്യം സംബന്ധിച്ച് 27.11.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5) 27.11.2018 ൽ നൽകിയ A1-1686/2018 നമ്പർ മറുപടിയിൽ തുടർ പ്രവർത്തികളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി പിടിച്ചില്ല.

പിണ്ടിമന ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ. പി.വി.ബേബിക്ക് 2017-18 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 56,000 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | WP(C) 37662/16<br>WP(C) 21835/16<br>അപ്പീൽ 1027/16<br>അപ്പീൽ 1023/16<br>അപ്പീൽ 1021/16<br>അപ്പീൽ 1024/16 | 21700026 | 12-04-17 | 42000 |
| 2 | WP(C) 9789/17<br>WP(C) 9533/17 | 21700223 | 21-07-17 | 14000 |
| | | | ആകെ | 56000 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ കൂടുതൽ തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ. പി.വി.ബേബിക്ക് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 56000 രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 5600 രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23-11-2017 ലെ മൂന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ അഡ്വ: പി.വി.ബേബിയിൽ നിന്നും ആദായനികുതിയിനത്തിൽ 5,600 രൂപ ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-2 എൻ.ആർ.ഇ.ജി.എസിന് കമ്പ്യൂട്ടർ വാങ്ങിയത് - യഥാസമയം ഓർഡർ നൽകിയില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും ഒരു കമ്പ്യൂട്ടർ നേരിട്ട് വാങ്ങുന്നതിനായി അവരിൽ നിന്നും 10-05-2017 ലെ കെ.എസ്.ഐ.ഇ. /സി.എച്ച്.എൻ/022 നമ്പർ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കിയിരുന്നു. കമ്പ്യൂട്ടറിന്റെ വില നികുതികൾ ഉൾപ്പെടെ 34,400 രൂപയും ഓഫറിന് 30 ദിവസത്തെ കാലാവധിയും ഓർഡർ ലഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സപ്ലൈ നടത്താമെന്ന വാഗ്ദാനവും ഉൾപ്പെടുന്ന പ്രസ്തുത ഇൻവോയ്സ് പഞ്ചായത്ത് കമ്മിറ്റിയുടെ 20-05-2017 ലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിക്കുകയും 29-06-2017 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ, ജി.എസ്.ടി. വർദ്ധിച്ചതിനാൽ ടി ഇൻവോയ്സ് പ്രകാരമുള്ള നിരക്കിൽ കമ്പ്യൂട്ടർ സപ്ലൈ ചെയ്യാൻ കഴിയില്ലെന്ന് അവർ 04-08-2017 ലെ കെ.എസ്.ഐ.ഇ./സി.എച്ച്.എൻ/099 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിക്കുകയും അതേ തീയതിയിലെ കെ.എസ്.ഐ.ഇ./സി.എച്ച്.എൻ/100 പ്രകാരം 37000 രൂപയുടെ പുതുക്കിയ പ്രോഫോർമ ഇൻവോയ്സ് സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, പഞ്ചായത്ത് കമ്മിറ്റിയുടെ 24-08-2017 ലെ 15(1) -ാം നമ്പർ തീരുമാന പ്രകാരം ഈ നിരക്ക്

അംഗീകരിക്കുകയും 04-10-2017 ൽ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. അതനുസരിച്ച് 19-10-2017 ലെ ഇൻവോയ്സ് നമ്പർ CHNBC 0000035 പ്രകാരം കമ്പ്യൂട്ടർ വാങ്ങുകയും 04-12-2017 ലെ വൌച്ചർ നമ്പർ 21700549 പ്രകാരം 37000 രൂപ കെ.എസ്.ഐ.ഇ.യ്ക്ക് നൽകുകയും ചെയ്തു.

മേൽപ്പറഞ്ഞതിൽ നിന്നും കെ.എസ്.ഐ.ഇ.യുടെ ആദ്യ ഓഫറിന് അനുവദിച്ചിരുന്ന കാലയളവായ 30 ദിവസത്തിന് മുമ്പായി സപ്ലൈ ഓർഡർ നൽകിയിരുന്നുവെങ്കിൽ 34400 രൂപയ്ക്ക് കമ്പ്യൂട്ടർ സപ്ലൈ ചെയ്യാൻ അവർ നിർബന്ധിതരാകുമായിരുന്നു. സപ്ലൈ ഓർഡർ വൈകിയത് മൂലം 01-07-2017മുതൽ നിലവിൽ വന്ന ജി.എസ്.ടി. ബാധകമാവുകയും പഞ്ചായത്തിന് 37000 രൂപയ്ക്ക് കമ്പ്യൂട്ടർ വാങ്ങേണ്ടി വരികയും ചെയ്തു. യഥാസമയം കമ്മിറ്റി തീരുമാനം എടുക്കുകയും ഉചിതമായ നടപടികൾ വൈകാതെ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്. മൽസരാധിഷ്ഠിതമായി സാധനസാമഗ്രികൾ വാങ്ങുന്ന ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേകം ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല

2016-17 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ (പ്രോജക്ട് നമ്പർ 62/97) അഞ്ച് ലക്ഷം രൂപ അടങ്കൽ വരുന്ന 'പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം' എന്ന പ്രോജക്ടിൽ -ടി- വർഷം അഞ്ച് വിദ്യാർത്ഥികൾക്ക് ആദ്യഗഡുവായി 50000 രൂപ വീതം നൽകിയിരുന്നു. ഈ പദ്ധതിയുടെ സ്പിൽ ഓവറായി 2017-18 വർഷം പ്രോജക്ട് നമ്പർ 50/18 നമ്പർ പ്രകാരം 250000 രൂപയുടെ പദ്ധതി നടപ്പാക്കുകയും മൂന്ന് വിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റുകയും ചെയ്തു. 2017-18 ലെ ആകെ ചെലവ് 127298 ആണ് (ട്രഷറി ബിൽ നമ്പർ 4/17-18 തീയതി 09-02-2018). എന്നാൽ, ഗുണഭോക്താക്കളിൽ ഉൾപ്പെട്ട താഴെ പറയുന്നവർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

(1) ദേവിക ഷാജി, D/o ഷാജി എം.കെ., മേച്ചേരി, ചേലാട്

(2) ജിതീഷ് എം.ആർ., S/o രാജേഷ്, മാളിയേക്കുടി, ഭൂതത്താൻകെട്ട്

15-02-2016 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 626/2016/ത.സ്വ.ഭ.വ. പ്രകാരം ഗുണഭോക്താക്കൾ ബി.പി.എൽ.കുടുംബമായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വിദ്യാർത്ഥികളിൽ ജിതീഷ് എം.ആർ. ഉൾപ്പെട്ട റേഷൻ കാർഡ് APL വിഭാഗത്തിനുള്ളതും രണ്ടുപേരുടെയും കുടുംബവരുമാനം തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ലാത്തതുമാണ്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 01-12-2018 ൽ നൽകിയ ഒമ്പതാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | ഏജൻസിയുടെ പേര് | തുക | ട്രഷറി ബിൽ നം |
|---|---|---|---|---|---|
| 1 | 69/18 | വിവിധ പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. മൂവാറ്റുപുഴ ഡിവിഷൻ | 198000 | 14/17-18 11-10-17 |
| | | | | 101700 | 15/17-18 11-10-17 |
| 2 | 118/18 | അമ്മച്ചിക്കോളനി മൈലാഞ്ചി സ്ട്രീറ്റ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ | 97779 | 13/17-18 11-10-17 |
| 3 | 183/18 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., മൂവാറ്റുപുഴ | 315000 | 18/17-18 12-01-18 |
| | | | | 74970 | 19/17-18 12-01-18 |
| 4 | 189/18 | പാടംമാലി അങ്കണവാടി വൈദ്യുതീകരണം | കെ.എസ്.ഇ.ബി., കീരമ്പാറ | 27810 | 21700625 03.01.18 |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 815259 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വക്കീൽ ഫീസ് നൽകിയതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 12-08-2015 ലെ 2.3-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 18-02-2016 ലെ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് 15000 രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിന് 2003 ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക്ഫീസ് നൽകലും) ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെങ്കിലും ആയതിനുള്ള കാലതാമസം കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഉത്തരവിലൂടെ വക്കീൽ ഫീസ് പരിധി ഉയർത്തി നിശ്ചയിച്ചത്.

സമയപരിമിതി മൂലം സർക്കാർ ഉത്തരവിലൂടെ പരമാവധി നൽകാവുന്ന ഫീസ് മാത്രം നിശ്ചയിക്കുകയും ചട്ടം ഭേദഗതി ചെയ്യാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ എല്ലാ കേസുകൾക്കും നിലവിലുള്ള ചട്ടങ്ങളിലെ പല വ്യവസ്ഥകളും പരിഗണിക്കാതെയാണ് അഡ്വ.ബേബിക്ക് വക്കീൽ ഫീസ് അനുവദിച്ചിട്ടുള്ളതെന്ന കാണുന്നു. ഏതാണ്ട് പരമാവധി ഫീസാണ് നൽകിയിരിക്കുന്നത്. മേൽ പ്രകാരം ലീഗൽ ഫീസ് അനുവദിച്ചതിലെ അപാകതകൾ താഴെ പറയും പ്രകാരമാണ്.

(1) 2003 ലെ ചട്ടങ്ങളിലെ ചട്ടം 5 (v) പ്രകാരം ഒരു കീഴ് കോടതി വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നടത്തുന്നതിന് കേസൊന്നിന് 2000 രൂപയിൽ കവിയാതെയും ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസൊന്നിന് 3000 രൂപയിൽ കവിയാതെയുമാണ് ഫീസ് അനുവദിക്കാവുന്നത്. എന്നാൽ അപ്പീൽ കേസാണോ ഹൈക്കോടതി കേസാണോ എന്ന് പരിഗണിക്കാതെ എല്ലാ കേസുകൾക്കും 7000 രൂപ നിരക്കിലാണ് ഫീസ് നൽകിയിട്ടുള്ളത്.

(2) 2003 ലെ ചട്ടങ്ങളിലെ ചട്ടം 5 (ii) പ്രകാരം ഒരേ ദിവസം തന്നെ ഒന്നിൽ കൂടുതൽ കേസുകൾക്കു വേണ്ടി ഒരേ കോടതിയിൽ അല്ലെങ്കിൽ ഒരേ സ്ഥലത്തുള്ള കോടതികളിൽ പഞ്ചായത്തിന് വേണ്ടി ഹാജരാകുന്ന അഭിഭാഷകന് എല്ലാ കേസുകളിലുമായി നൽകാവുന്ന ഫീസ് 500 രൂപയിൽ കവിയാൻ പാടില്ല. ചട്ടം ഭേദഗതി ചെയ്യുമ്പോൾ ഇതിലും ഉയർന്ന നിരക്ക് അനുവദിക്കാമെങ്കിലും ഇപ്രകാരം ഒരു പരിശോധന ഈ കേസുകളുടെ കാര്യത്തിൽ നടത്താതെയാണ് എല്ലാ കേസുകൾക്കും ഒരേ തുക നൽകിയിട്ടുള്ളത്.

(3) ചട്ടങ്ങൾക്ക് വിരുദ്ധമായി, സമാന സ്വഭാവമുള്ള കേസുകൾ ഒരുമിച്ചെടുത്ത് വിധി പറഞ്ഞിട്ടുണ്ടെങ്കിൽ അതിന് കുറഞ്ഞ ഫീസ് എന്ന കാര്യം പരിഗണിക്കാതെയും ഒന്നിലധികം സിറ്റിംഗ് നടത്തിയ കേസുകൾക്കും ഒറ്റ സിറ്റിംഗിൽ തന്നെ വിധി പറഞ്ഞ കേസുകൾക്കും ഒരു പോലെ തന്നെ എന്ന് കണക്കാക്കിയും വക്കീൽ ഫീസ് നൽകിയിരിക്കാനുള്ള സാധ്യതയുമുണ്ട്. ഇത് സംബന്ധിച്ച് വിശദമായി പരിശോധന നടത്തി ചട്ടങ്ങളിൽ അനുവദിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-6 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 133/17 പ്രകാരം നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന 3,25,000രൂപ അടങ്കൽ വരുന്ന പ്രവൃത്തിക്ക് 27-01-17ൽ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കൊല്ലപ്പിള്ളി ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തിന്റെ താഴെ പറയും പ്രകാരമുള്ള കുറഞ്ഞ നിരക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 14-03-2017ലെ 8(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 17-03-017 ൽ കരാർ ഉണ്ടാക്കുകയും ചെയ്തു.

11 x 2W CFL Set & Fittings (Automatic) : Rs. 450/-

11 x 2W CFL Set & Fittings (Ordinary) : Rs. 375/-

കരാർ പ്രകാരം 20-03-2017 മുതൽ 19-03-2018 വരെ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കേടുവന്നത് പോസ്റ്റിൽ നിന്നും അഴിച്ചുമാറ്റി ആവശ്യമായ സാധനങ്ങൾ കരാറുകാരൻ വാങ്ങി റിപ്പയർ ചെയ്ത് തെളിയിച്ച് തരേണ്ടതാണ്. എഗ്രിമെന്റ് ഷെഡ്യൂളിൽ ഓട്ടോമാറ്റിക് ലൈറ്റുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റുകൾ നന്നാക്കി പുനസ്ഥാപിച്ചതായി അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാർ 723 യൂണിറ്റിന് 450 രൂപ നിരക്കിൽ 325350 രൂപയുടെ ബിൽ (നമ്പറും തീയതിയും ഇല്ല) ഹാജരാക്കുകയും 26-03-18 ലെ ട്രഷറി ബിൽ നമ്പർ 36/17-18 പ്രകാരം 325000 രൂപ കരാറുകാർക്ക് നൽകുകയും ചെയ്തു.

ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപറയുന്നു.

(1) 1961 ലെ ആദായനികുതി നിയമത്തിലെ 194 (സി) പ്രകാരം 1,00,000 രൂപയ്ക്ക് മുകളിലുള്ള വർക്സ് കോൺട്രാക്ടുകൾക്ക് കരാർ തുകയുടെ 2% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാർക്ക് 325000 രൂപ നൽകിയപ്പോൾ ആദായനികുതിയിനത്തിൽ 6500 രൂപ ഈടാക്കിയിട്ടില്ല.

(2) ഈ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 27-07-2017 ലെ യോഗത്തിൽ വിവിധ വാർഡ് അംഗങ്ങൾ ആക്ഷേപം ഉന്നയിക്കുകയും കരാർ ക്യാൻസൽ ചെയ്യാൻ സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിക്കാതെ, പഞ്ചായത്ത് കമ്മിറ്റിയുടെ 19 (2) തീരുമാന പ്രകാരം കരാറുകാരനെ വിളിച്ച് വരുത്തി വേല

ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയേയും വൈസ് പ്രസിഡന്റിനേയും ചുമതലപ്പെടുത്തി. തുടർന്ന് നടത്തിയ വിലയിരുത്തലിൽ വിവിധ വാർഡുകളിൽ നിന്നായി കരാറുകാരൻ 252 തെരുവ് വിളക്കുകൾ അഴിച്ചെടുത്തതിൽ 104 എണ്ണം മാത്രമേ കേടുപാടുകൾ തീർത്ത് വീണ്ടും ഫിറ്റ് ചെയ്തിട്ടുള്ളൂ എന്നും പല വാർഡുകളിലും കത്താതെ കിടക്കുന്ന തെരുവ് വിളക്കുകൾ കത്തിക്കുന്നതിനുള്ള യാതൊരു നടപടിയും കരാറുകാരൻ എടുത്തിട്ടില്ലെന്നും ബോധ്യപ്പെടുകയും അക്കാര്യം ചൂണ്ടിക്കാണിച്ച് കരാർ ലംഘനത്തിന് നടപടിയെടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് കരാറുകാരന് 01-08-2017 ലെ A1/406/16 നമ്പർ പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് എന്തെങ്കിലും മറുപടി നൽകിയതായോ അതിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് പരിഹാരം കണ്ടതായോ വ്യക്തമാക്കിയിട്ടില്ല.

(3) പഞ്ചായത്തിലുള്ള എല്ലാ സ്ട്രീറ്റ് ലൈറ്റുകളും ഓട്ടോമാറ്റിക് ആണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ആകെയുള്ള 723 യൂണിറ്റിനും ഓട്ടോമാറ്റിക് ലൈറ്റിന്റെ നിരക്കായ 450 രൂപ നിരക്കിൽ മെയിന്റനൻസ് ചാർജ്ജ് നൽകിയിട്ടുള്ളത്. എല്ലാ സ്ട്രീറ്റ് ലൈറ്റുകളും ഓട്ടോമാറ്റിക് ആണ് എന്ന് ആധികാരികമായി തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 27-11-2018 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ കരാറുകാരൻ അഴിച്ചെടുത്തുകൊണ്ടുപോയ ശേഷം തിരികെ കൊണ്ടുവന്ന് ഫിറ്റ് ചെയ്യാത്ത 148 തെരുവ് വിളക്കുകൾക്ക് ആനുപാതികമായ തുകയും ആദായനികുതിയിനത്തിൽ 6500 രൂപയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-7 നഴ്സറി സ്ഥാപിക്കൽ പ്രൊജക്ട് - സർക്കാർ നിർദ്ദേശം പാലിക്കണം

ഹരിത കേരളം പദ്ധിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി മുഖേന നഴ്സറികൾ സ്ഥാപിക്കുന്നതിന് ജി ഒ (കൈ) നം. 155/2017/കൃഷി/28.11.2017 മുഖേന സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2017-18 ൽ ഒരു നഴ്സറി നിർമ്മാണ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരം ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നഴ്സറി നിർമ്മാണം വാർഡ് 4 |
| തൊഴിൽ നമ്പർ | 27 |
| ചെലവ് | 7120 |

സർക്കാർ ഉത്തരവിലെ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് 27.11.2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7) 27.11.2018 ൽ നൽകിയ A1-1686/2018 നം. മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1. നഴ്സറിക്ക് ലഭ്യമായ സ്ഥലം, ഉൽപ്പാദിപ്പിക്കുന്ന തൈകളുടെ എണ്ണം എന്നിവ കൃഷി വകുപ്പിന്റെ സഹകരണത്തോടെ കണ്ടത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ചെലാട് ഗവ.സ്കൂളിലാണ് സ്ഥലം ലഭ്യമായതെങ്കിലും അവിടെ മണ്ണ് ലഭ്യമല്ലാത്തതിനാൽ ഒരു വ്യക്തിയുടെ സ്ഥലത്തേക്ക് മാറ്റിയാണ് ചെയ്തത്.

2. കൃഷി വകുപ്പ്, വനം വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സാങ്കേതിക സഹായ സമിതി രൂപീകരിക്കുകയോ, പരിശീലനം നൽകുകയോ ചെയ്തില്ല.

3. നടുന്ന വൃക്ഷ തൈകളുടെ സംരക്ഷണ ചുമതല തൊഴിലുറപ്പ് കുടുംബങ്ങൾക്ക് നൽകണം. ഒരു കുടുംബത്തിന് 25 തൈകൾ എന്ന നിലയിലാണ് സംരക്ഷണ ചുമതല നൽകേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

## 3-8 ശ്മശാനം - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | SO035/18 (സ്പിൽ ഓവർ) | SO124/18 |
| ചെലവ് | 398322 | 208407 |
| ട്രഷറി ബിൽ നം. | 37/30.6.17 | ബിൽ നമ്പർ/ ഡിഡി നമ്പർ ലഭ്യമായില്ല |

ശ്മശാനം, ഷെഡ്, ചുറ്റുമതിൽ എന്നിവയുടെയെല്ലാം നിർമ്മാണം, പൂർത്തിയായിട്ടുണ്ടെങ്കിലും ശ്മശാനം പ്രവർത്തന സജ്ജമാക്കുകയോ, ഉദ്ഘാടന ചടങ്ങ് നടത്തുകയോ ചെയ്തിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 245000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ് | 245000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 |
| 3 | ജില്ല പഞ്ചായത്ത് | 2017-18 | 125000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ വാർഡ് 13 | 300000 |
| 5 | ജില്ല പഞ്ചായത്ത് | 2017-18 | 170000 | നെൽകൃഷിക്ക് കൂലി ചെലവ് | 170000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൽക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ/വൌച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി., കോതമംഗലം | പ്രോജക്ട് നം. 69/18 വിവിധ പട്ടികജാതി കോളനികളിലേക്ക് സ്ലീറ്റ് മെയിൻ വലിക്കൽ | 14/17-18 11.10.17 | 198000 | 0 | 198000 |
| | കെ.എസ്.ഇ.ബി., കീരമ്പാറ | | 15/17-18 11.10.17 | 101700 | 0 | 101700 |
| 2 | കെ.എസ്.ഇ.ബി., മൂവാറ്റുപുഴ | പ്രോജക്ട് നം. 183/18 വിവിധ വാർഡുകളിൽ സ്ലീറ്റ് മെയിൻ വലിക്കൽ | 18/17-18 12.01.18 | 315000 | 0 | 315000 |
| | | | 19/17-18 12.01.18 | 74970 | 0 | 74970 |
| 3 | കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ | പ്രോജക്ട് നം. 118/18 അമ്മച്ചിക്കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 13/17-18 11.10.17 | 97779 | 0 | 97779 |
| 4 | കെ.എസ്.ഇ.ബി., കീരമ്പാറ | പ്രോജക്ട് നം. 189/18 പാടംമാലി അങ്കണവാടി വൈദ്യുതീകരണം | 21700625 03.01.18 | 27810 | 0 | 27810 |
| ആകെ | | | | 815259 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 19663 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | | 3300 | മാനേജിംഗ് പാർട്ണർ , കോതമംഗലം അഗ്രിഗേറ്റ് | 1170101000069 10-04-2017 |
| 2013-14 | | 12140 | ഹൈടെക് ബയോഫെർട്ടിലൈസർ | 117010500004 25-08-2017 |

| | | | | |
|---|---|---|---|---|
| 1997-98 | 21A | 20 | എൻ പദ്മനാഭ മേനോൻ, മുൻ സെക്രട്ടറി | 117010101057 08-09-2017 |
| 2011-12 | 3-6 | 717 | റജി ഇ.എം , ഓഫീസ് അറ്റൻഡന്റ് | 117010101123 15-09-2017 |
| 2011-12 | 2.2 | 250 | ഇ.റ്റി ജോയ്, പി.വി.ഐ.പി സെക്ഷൻ | 117010101281 13-10-2017 |
| 2012-13 | 2.2(3) | 250 | സുലൈമാൻ, പള്ളിക്ക വലിയ വീട് | 117010101368 19-10-2017 |
| 2008-09 | 2(3) | 17 | കെ.എ ഈപ്പച്ചൻ, മുൻ സെക്രട്ടറി | 117010101415 21-10-2017 |
| 2010-11 | 2.3 | 54 | കെ.പി ജോർജ്ജ്, കാവുങ്കൽ | 117010101479 23-10-2017 |
| 2011-12 | 3.2 | 576 | റ്റി.ഡി സജീവ് ലാൽ, മുൻ സെക്രട്ടറി | 117010102014 29-11-2017 |
| 2010-11 | 2.1 (C) | 240 | പി അശോകൻ, സെക്രട്ടറി | 117010102215 20-12-2017 |
| 2009-10 | 2.1 | 89 | പി അശോകൻ, സെക്രട്ടറി | 117010102216 20-12-2017 |
| 2009-10 | 2.2 | 608 | പി അശോകൻ, സെക്രട്ടറി | 117010102217 20-12-2017 |
| 2009-10 | 2.2 | 1000 | പി അശോകൻ, സെക്രട്ടറി | 117010102218 20-12-2017 |
| 1998-99 | 2.2 | 60 | കെ.വി ജോസഫ് , മുൻ സെക്രട്ടറി | 117010102366 03-01-2018 |
| 2010-11 | 2.3 | 226 | പി.എസ് മക്കാർ, പല്ലിക്കട്ടു മാലിൽ | 117010102425 09-01-2018 |
| 2010-11 | 2.3 | 116 | കെ.പി ജോർജ്ജ് , കണ്ണൻകല്ലേൽ | 117010101479 23-10-2017 |
| | | 19663 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,24,94,631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,68,07,224 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 862059 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കേന്ദ്രസർക്കാരിനുണ്ടായ നഷ്ടം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5600 | ശ്രീ. സലിം കെ.എം., സെക്രട്ടറി |
| 3-6 | 6500 | ശ്രീ. സുനിൽ പി.എസ് അസിസ്റ്റന്റ് സെക്രട്ടറി |
| | 12100 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 3-4 | 815259 | - | ശ്രീ. സലിം കെ.എം., സെക്രട്ടറി |

നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേര് | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സലിം.കെ.എം | റിട്ടയർ ചെയ്തു | പുത്തൻപുരയിൽ വീട്, പുതുപ്പാടി പി.ഒ, പെരുമറ്റം, മൂവാറ്റുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 |
| 2004-05 | എൽ.എഫ്.ഇ.പി7-240/12/4.9.12 |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 |
| 2007-08 | എൽ.എഫ്.ഇ.പി7-237/12/4.9.12 |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി1)40/2017/12.01.17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2105/17 തീയതി 10.11.17/16.12.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ -ഇ.കെ.എം (പി.7)/2342/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682 030
ഫോൺ 0484-2422271
ഇ-മെയിൽ- doekm.ksad@kerala.gov.in
തീയതി: 07.01.2019

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6)-ാം വകുപ്പ്, 2011 ലെ പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ

പ്രകാരവും എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

## അനുബന്ധം -2

## വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ധനകാര്യ പത്രിക പരിശോധനയിൽ 708728 രൂപ ലോൺസ് & അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ വിശദ വിവരം ലഭ്യമല്ല.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്